# ശോഭ ഡെവലപ്പേഴ്സിന് പ്രവർത്തന മികവിനുള്ള അവാർഡ്




ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനർഹനായ ശോഭ ഡെവലപ്പേഴ്സ് ചെയർമാൻ പിഎൻസി മേനോന് വേണ്ടി, കർണാടക ആഭ്യന്തര ഗതാഗത വകുപ്പ് മന്ത്രി ആർ അശോകിൽ നിന്നും ശോഭ ഡെവലപ്പേഴ്സ് വൈസ് ചെയർമാൻ രവി മേനോൻ അവാർഡ് ഏറ്റുവാങ്ങുന്നു.

കൊച്ചി: പ്രവർത്തന മികവിനുള്ള ഈ വർഷത്തെ റിയാലിറ്റി പ്ലസ് എക്സലൻസ് അവാർഡുകൾ ശോഭ ഡെവലപ്പേഴ്സിനു ലഭിച്ചു. റിയൽ എസ്റ്റേറ്റ് മേഖലയ്ക്കു മികച്ച സംഭാവന നൽകിയ ശോഭ ഡെവലപ്പേഴ്സ് ചെയർമാൻ പിഎൻസി മേനോന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി. ശോഭ ഡെവലപ്പേഴ്സ് മാനെജിങ് ഡയറക്റ്റർ ജെ സി ശർമയ്ക്ക് മികച്ച പ്രവർത്തനം കാഴ്ച വച്ച സി ഇ ഒയ്ക്കുള്ള അവാർഡും ലഭിച്ചു. ബംഗളുരുവിൽ നടന്ന ചടങ്ങിൽ കർണാടക സംസ്ഥാന ആഭ്യന്തര ഗതാഗത വകുപ്പ് മന്ത്രി ആർ അശോക് അവാർഡുകൾ സമ്മാനിച്ചു. മലയാളിയായ പിഎൻസി മേനോൻ 1995ലാണ് ബംഗളൂരു ആസ്ഥാനമായി ശോഭ ഡെവലപ്പേഴ്സ് തുടങ്ങിയത്.